പണികൾ പൂർത്തിയായി. ഫീസിബിലിറ്റി റിപ്പോർട്ട് പരിശോധിച്ചുവരുന്നു. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ബി) 450 കോടി രൂപ.

(സി) ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് സഹായം ആവശ്യപ്പെട്ടുവെങ്കിലും അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല.

(ഡി) ഓഷ്യനേറിയത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ആംഫിതീയേറ്റർ, കൺവെൻഷൻ സെന്റർ എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ടൂറിസം രംഗത്തെ നിക്ഷേപം

30 (*510) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം രംഗത്തെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ടൂറിസം മേഖലയിൽ പരമാവധി കേന്ദ്ര സഹായം നേടിയെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) കഴിഞ്ഞ വർഷം എത്ര കോടി രൂപയുടെ പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചു ; അവ ഏതെല്ലാം ;

(ഡി) അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഈ വർഷം പുതുതായി ഏതെല്ലാം പദ്ധതികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) നിക്ഷേപകർക്ക് സർക്കാർ എന്തെല്ലാം പ്രോത്സാഹനങ്ങളും സഹായവുമാണ് നൽകുന്നത് ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ടൂറിസം രംഗത്ത് നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി പൊതു സ്വകാര്യ-പങ്കാളിത്തമാതൃക (പി.പി.പി) യിലുള്ള വിവിധ പദ്ധതികൾ ടൂറിസം വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനമായ ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് (ടി.ആർ.കെ.എൽ) വഴി ആവിഷ്ക്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ടൂറിസം സാധ്യതകളുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ ഒന്നാമത്തെ പദ്ധതിയായി വേളിയിൽ ഒരു രാജ്യാന്തര ഉല്ലാസകേന്ദ്രം സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഏകദേശം 150 കോടി രൂപയാണ് പദ്ധതിച്ചെലവ് പ്രതീക്ഷിക്കുന്നത്.

അതോടൊപ്പം ടൂറിസം വകുപ്പിന്റെ അധീനതയിൽ വർക്കല ഗസ്റ്റ് ഹൗസ് പരിസരത്ത് വർഷങ്ങളായി ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഏകദേശം 6.47 ഏക്കർ ഭൂമി ഉപയോഗിച്ചുകൊണ്ട് പൊതു-സ്വകാര്യ-പങ്കാളിത്ത മാതൃകയിൽ പുതിയൊരു ടൂറിസം പദ്ധതികൂടി ടി.ആർ.കെ.എൽ. വഴി നടപ്പിലാക്കുന്നുണ്ട്. ഇതിനുവേണ്ട പ്രാരംഭനടപടികൾ ടി.ആർ.കെ.എൽ. ചെയ്തുവരികയാണ്. ഇതുകൂടാതെ വിവിധ വകുപ്പുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, ഇതര സർക്കാർ എജൻസികൾ എന്നിവയുടെ ഉടമസ്ഥതയിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി ഉപയോഗിച്ച് പൊതു-സ്വകാര്യ-പങ്കാളിത്ത മാതൃകയിൽ പദ്ധതികൾ സ്ഥാപിക്കുവാനുള്ള ഒരു സ്കീം. ടി.ആർ. കെ.എൽ. ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി ഉല്പാദനകരമായ രീതിയിൽ വിനിയോഗിക്കുന്നതിന് മറ്റ് വകുപ്പുകളോ സർക്കാർ ഏജൻസികളോ മുന്നോട്ട് വരുന്ന മുറയ്ക്ക് ടി.ആർ.കെ.എൽ.-ന്റെ പങ്കാളിത്തത്തോടെ പി.പി.പി. പദ്ധതികൾ ആരംഭിക്കാനാണ് പരിപാടി.

(ബി) ടൂറിസം മേഖലയിൽ പരമാവധി കേന്ദ്ര സഹായം നേടിയെടുക്കുന്നതിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം 141.41 കോടി രൂപയുടെ പദ്ധതികൾ സർക്യൂട്ട് വികസനം, ഡെസ്റ്റിനേഷൻ വികസനം, MICE (Meeting Incentives Conventions Exhibitions) സൗകര്യങ്ങൾ, വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനം, മാനവശേഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലനത്തിനുള്ള കേന്ദ്ര സഹായം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് അനുമതിക്കായി സമർപ്പിച്ചിരുന്നു. അതിൽ നിന്നും 52,72,79,000-(അമ്പത്തി രണ്ട് കോടി എഴുപത്തി രണ്ടു ലക്ഷത്തി എഴുപത്തി ഒൻപതിനായിരം) രൂപയുടെ പദ്ധതിക്ക് ഇതുവരെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ സാമ്പത്തിക വർഷം 141.41 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചു. വിശദാംശങ്ങൾ അനുബന്ധം (എ)† ആയി ചേർത്തിരിക്കുന്നു.

(ഡി) വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(ഇ) വിശദാംശങ്ങൾ അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

(എഫ്) ടൂറിസം രംഗത്ത് മുതൽ മുടക്കുന്ന നിക്ഷേപകർക്ക് 10% സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി, പവർ താരിഫ് കൺസഷൻ എന്നിവ നൽകി വരുന്നു.കൂടാതെ വകുപ്പിന്റെ ബ്രോഷറുകൾ, സി.ഡി.കൾ എന്നിവയിൽ കൂടി ആവശ്യമായ പരസ്യ പ്രചാരണങ്ങളും വകുപ്പ് നൽകുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ദേശീയപതാകയേയും ഇൻഡ്യൻ ഭൂപടത്തേയും അപമാനിക്കുന്നവർക്കെതിരെ നടപടി

1 (4604) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫ്രഞ്ച് സഹായത്തോടെ നടപ്പിലാക്കുന്ന മൃഗസംരക്ഷണ വകുപ്പിന്റെ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി പ്രസിദ്ധീകരിച്ച ബ്രോഷറിൽ, ദേശീയ പതാകയേയും ഇൻഡ്യൻ ഭൂപടത്തേയും അപമാനകരമായി ചിത്രീകരിച്ചതായ മാധ്യമ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) ദേശീയ പതാകയേയും, ഇൻഡ്യൻ ഭൂപടത്തേയും അപമാനിക്കുന്നവർക്കെതിരെ സാധാരണ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ & ബി) ഇത്തരത്തിൽ ഒരു ബ്രോഷറോ ലഘുലേഖയോ മറ്റ് പ്രസിദ്ധീകരണങ്ങളോ മൃഗസംരക്ഷണ വകുപ്പ് പുറത്തിറക്കിയിട്ടില്ല. ഫ്രാൻസ് സന്ദർശിച്ച കേരള സംഘം 2010 ജൂൺ 18-ന് ENIL of Mamirolle (National College of Higher Education in Dairy Processing) സന്ദർശിച്ചപ്പോൾ സ്വാഗതം ചെയ്തുകൊണ്ട് ടി സ്ഥാപനം പ്രദർശിപ്പിച്ച സ്ലൈഡുകളിലെ ഇന്ത്യൻ ഭൂപടത്തിൽ വന്നതായി ചൂണ്ടിക്കാണിക്കപ്പെട്ട വ്യതിയാനങ്ങൾ സംബന്ധിച്ച് തുടർനടപടികൾക്കായി ഫ്രാൻസിലെ ഇന്ത്യൻ എംബസിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

† അനുബന്ധം IV, IV-A

LIBRARY ARCHIVES Kerala Legislative Assembly

IIT,Delhi and NIFT, Bangalore had submitted proposals to undertake the full phase wise research for the Police Uniform with respect to the entire country. However the Project could not be completed. Mr. Sanjeev Shami, an IPS officer of MP Cader has also done lot of Work on Uniforms.

Kerala Police may kindly have a look at BPR&D website www.bprd.gov.in under hyperlink resentations and further to BPR&D presentations where you will find three sites under the following heads.

1. Presentation on Police Uniform by Shri. Sanjeev Shami, MP Police
2. Presentationon Footwear for Police Personnel by FDDI
3. Designing of Police Uniforms submitted by IIT,Delhi

This is for your information please.

Yours Faithfully,

(Vanita Yadav)

Senior Scientific Officer.

അനുബന്ധം-IV

[21-7-2010-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.30(*510) ഉത്തരം കാണുക]

LIST OF PROJECTS SUBMITTED TO GOVERMENT OF INDIA DURING 2009-10

A. Circuit development

Sl. No.	Name of the Project	Central Share (Rs.in crores)	Submitted on
(1)	(2)	(3)	(4)
1	Development of Muzris Heritage Circuit Connecting Historically and Archeologically Important Places in Kodungalloor (Revised)	72.00	10-02-2010
2	Development of Peruvannamuzhi Kakkayam and Banasura Sagar Circuit in Kozhikode and Wayanad District	11.13	15-12-2009

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
3	Development of Ambalapuzha Tourism Circuit	14.45	18-1-2010
4	Kadinamkulam Backwater Circuit stage II- Extension to Azhoor Village	1.50	3-2-2010
B. Destination Development Scheme			
1	Development of Muzhappilangad Beach as a Major Tourism Destination	5.45	27-8-2009
2	Development of Mulavugad Panchayath at Kochi as a Tourist destinution	5.37	(Revised Proposal submitted on) 14-12-2009
3	Development of Kerala Kalamandalam as a Cultural Tourism Destination-Phase II	3.70	29-10-2008
4	Development of snehatheeram Beach at Thalikulam into a To urism Destinatiion	6.15	15-12-2009
5	Development of Azheekode as a Model Handloom Village Destination	2.60	15-12-2009
6	Development of Thiruvilwamala As a Model Handloom Village Destination.	4.70	15-12-2009
MICE Facilities			
1	Convention Centre in Samudra Hotel Campus	5.74	28-11-2009
IT Scheme			
1	Developing IT based marketing tools	0.50	17-9-2010

LIBRARY ARCHIVES Kerala Legislative Assembly

HR Development

(1)	(2)	(3)	(4)
1	Additional Facilities to Kerala institute of Tourism and Traval Studies (Construction of Training Complex)	2.07	08-01-2009
2	Capacity Building Programme for Service Provides in Tourism in Kerala	6.059	14-09-2009

അനുബന്ധം- IV A

[21-7-2010-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 30(*510)-ന്റെ ഉത്തരം കാണുക.]

LIST OF PROJECTS SANCTIONED BY GOVERNMENT OF INDIA DURING 2009-2010

Circuit development

SI No.	Name of the Project	Central Share (Amount in Rs.)
(1)	(2)	(3)
1	Development of Muzris Heritage Circuit Connecting Historically and Archeologically Important Places in Kodungalloor(Revised)	40,5283000

Destination development

1	Development of Muzhappilangad Beach as a Major Tourism Destination	33908000
2	Development of Mulavugad Panchayath at Kochi in Kerala	25468000

HR Dclopment

1	Capacity Bulding Programme For service Providers in Tourism in Kerala	18000000

MIC Facilities

1	Convention Centre in Samudra Hotel Campus	39680000

IT Scheme

1	Developing IT based marketing tools	4940000

LIBRARY ARCHIVES Kerala Legislative Assembly